# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.552** | **08.08.2017-ൽ മറുപടിയ്ക്ക്**

## റബ്ബറുല്പന്ന നിർമ്മാണ സാധ്യതകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ഡോ.എൻ.ജയരാജ്**<br>**ശ്രീ.പി.ജെ.ജോസഫ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>**(വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് റബ്ബറുല്പന്ന നിർമ്മാണ സാധ്യതകൾ എത്രത്തോളമുണ്ടെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കമോ; | എ) | സംസ്ഥാനത്ത് റബ്ബർ ഉല്പന്ന സാദ്ധ്യതകൾ എത്രത്തോളമുണ്ടെന്ന് വ്യവസായ വകുപ്പ് പഠനം നടത്തിയിട്ടില്ല. എങ്കിലും റബ്ബർ ഉല്പന്ന നിർമ്മാണ മേഖലക്ക് വളരെയേറെ സാദ്ധ്യതകൾ ഉള്ള സംസ്ഥാനമാണ് കേരളം. അത്തരത്തിലുള്ള യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. റബ്ബർ വ്യവസായത്തെ മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) | റബ്ബർ ഉല്പന്ന നിർമ്മാണത്തിനും ഗുണമേന്മ നിർണ്ണയത്തിനും ആവശ്യമായ സാങ്കേതിക വിദ്യ പ്രദാനം ചെയ്യുന്നതിനുതകുന്ന വിധത്തിൽ സംസ്ഥാനത്തു പ്രവർത്തിക്കുന്ന റബ്ബർ ഗവേഷണ കേന്ദ്രത്തിന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്താൻ ബോധവൽക്കരണ നടപടികൾ സ്വീകരിക്കുമോ; | ബി) | ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടത്തുന്ന ബോധവൽക്കരണ പരിപാടികളിൽ ഇത് സംബന്ധിച്ചുള്ള വിവരങ്ങളും ഉൾപ്പെടുത്തുന്നുണ്ട്. |
| സി) | പുതുതലമുറ എഞ്ചിനീയർമാരെയും ബിസിനസ് ബിരുദധാരികളെയും റബ്ബർ ഉല്പന്ന നിർമ്മാണമേഖലയിലേക്ക് ആകർഷിക്കുന്ന വിധത്തിൽ നിർമ്മാതാക്കൾക്കു വേണ്ടി ഇൻകുബേഷൻ സെന്റർ ആരംഭിയ്ക്കാൻ നടപടി സ്വീകരിക്കുമോ? | സി) | റബ്ബർ ഉൾപ്പടെയുള്ള എല്ലാത്തരം വ്യവസായങ്ങളും തുടങ്ങാൻ ഉദ്ദേശിക്കുന്ന സംരംഭകരെ സഹായിക്കുന്നതിനുള്ള ഇൻകുബേഷൻ സെന്റർ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ചങ്ങനാശ്ശേരി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിലും പ്രവർത്തിക്കുന്നു. മഞ്ചേരിയിലുള്ള കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിലും റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്കുള്ള പൊതുസൗകര്യങ്ങൾ ലഭ്യമാണ്. |

**സെക്ഷൻ ഓഫീസർ**